
# വൈഖരി

**The divine sound**



# പ്രണാമം



മന്നത്ത് പത്മനാഭൻ

വൈഖരി

# എസ്.എം.വി.എൻ.എസ്. എസ്.എച്ച്.എസ്.എസ് കല്ലറ



# ഹെഡ്മിസ്ട്രസ്




ശ്രീലേഖ കെ.എസ്.

# S.I.T.C



## പി . പ്രേമലത

# ക്രൈറ്റ് മിസ്ട്രസ്



അമ്പിളി കെ.നായർ



താര.ആർ

# ലിറ്റിൽ കൈറ്റ്സ്

## അംഗങ്ങൾ 2019-21



# Editors



ദീപക് പ്രദീപ്



ആശിഷ്മോൻ സി.എസ്.



കാർത്തിക് കെ.എസ്.



സ്വാമിനാഥ് കെ.എസ്.



അസിൻ അജി



മീനൂട്ടി ഇ.എം.

# സമർപ്പണം

അക്ഷരവെളിച്ചത്തിലൂടെ അറിവിനെ
പ്രാപ്തമാക്കിത്തന്ന ഗുരുഭൂതന്മാർക്ക് ..........
അന്ധകാരത്തിൽനിന്ന് തേജസ്സിലേക്ക്
കൈപിടിച്ചുയർത്തിയ ഈ
അക്ഷരക്ഷേത്രത്തിന് .......

# എഡിറ്റോറിയൽ

തമസ്സിൽ നിന്നും ജ്യോതിസ്സിലേക്കുള്ള ഈ പ്രയാണത്തിൽ ഒരു കൈത്തിരി കൊളുത്തു കയാണിവിടെ. അറിവുകൾ ഇന്ന് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പ്രസരിച്ചുകൊണ്ടിരിക്കുയാണ്. ഈ അറിവുകളെ സ്വാംശീകരിച്ച് പ്രായോഗികമാക്കുക എന്നത് ഒരു യജ്ഞകർമ്മമാണ്. ഈ കർമ്മത്തിൽ വിശുദ്ധമായ മനസ്സോടെ ഞങ്ങളുടെ വിദ്യാലയവും പങ്കാളിത്തം വഹിക്കുന്നു. ഈ പരിപാവനമായ കർമ്മത്തിന്റെ ഭാഗമായിത്തിർന്നതിൽ നിന്നും ലഭിച്ച ഉർജ്ജം ചെറുതല്ല. അതിൽനിന്നും ആർജ്ജിച്ചെടുത്ത ധിഷണാശക്തി ഈ താളുകളിൽ പ്രതിഫലിക്കുന്നുണ്ട്.

# മുൻമൊഴി

ഇത് സൈബർലോകം .......
അറിവിന് നിമിഷങ്ങളുടെ വേഗതയാണെന്ന
ഓർമ്മപ്പെടുത്തലുകളുടെ നാളുകൾ ....
ലോകം വിരൽത്തുമ്പിൽ ദൃശ്യമാകുമ്പോൾ നമുക്കും
ഉയരാം സാങ്കേതികവിദ്യയുടെ പുത്തൻ
സാമ്രാജ്യത്തിലേക്ക് .....

കുട്ടികളുടെ സൈബർ നൈപുണ്യങ്ങൾ,
തിരമൊഴികൾ എന്നിവ പുതുലോകം തീർക്കണം.
കാഴ്ചയുടെയും കേൾവിയുടെയും പുത്തൻ
വാതായനങ്ങൾ തുറന്ന് അറിവിന്റെ
വിഹായസ്സിലേക്ക് ചിറകടിച്ചുപറക്കട്ടെ നമ്മുടെ
കുരുന്നുകൾ .......

അറിഞ്ഞവ അറിയാനിരിക്കുന്നതിന്റെ
രാസത്വരകമാണെന്ന തിരിച്ചറിവ് ഒരോ ഡിജിറ്റൽ
പേജുകളിലും പ്രതിബിംബിക്കുന്നു. നവ പ്രതിഭകളുടെ
വിസ്മയക്കാഴ്ചകളിലേക്ക് ചേക്കേറാം ........

# ഉൾത്താളുകളിൽ

1. നഷ്ടസ്വപ്നം.....................................................18

2. എങ്ങുപോയി .................................................19

3. ചുവപ്പുമഴ.......................................................20

4. അങ്ങുക്കിഴക്കൊരു.............................................21

5. അഭയം.............................................................23

6. അരികെ...........................................................24

7. എന്റെ നാട് പൊൻ നാട്...................................25

8. തിരുവോണം....................................................26

9. ഒറ്റയല്ല.............................................................27

10. ഓണക്കിനാവുകൾ.........................................29

11. ഓർമ്മച്ചെപ്പ്..................................................30

12. കാത്തിരിപ്പ്...................................................31

13. കുഞ്ഞുങ്ങൾ.....................................................32

14. കൃഷി.........................................................33

15. ഗാന്ധിപൂജ.................................................34

16. ഗോപാലകൃഷ്ണൻ.......................................35

17. ജീവിതം......................................................36

18. തുടിതാളം തേടി............................................37

19. തെയ്യം.........................................................39

20. നാടൻപാട്ട്..................................................40

21. നിലാവിനോട്...............................................41

22. പി.കുഞ്ഞിരാമൻ നായർ...............................42

23. പൂമ്പാറ്റക്കവിത............................................43

24. പൂക്കാലം.......................................................44

25. പൊന്നോണം.................................................45

26. പ്രഭാതം..........................................................46

27. ബാല്യം......................................................47

28. ഭൂമിയ്ക്ക് ഒരു ചരമഗീതം.................................50

29. മരം...........................................................51

30. മരം ഒരു വരം..............................................52

31. ഓണം.........................................................53

32. മഴ.............................................................54

33. മഴക്കവിതകൾ..............................................55

34. വിദ്യ...........................................................56

35. വിശ്വ ശില്പി..................................................57

36. ശൈവം.......................................................58

37. സൗഹൃദം....................................................59

38. മനോഭാവം ..............................................61

39. രക്ഷപ്പെട്ടേ..................................................62

40. സ്വർണ്ണപക്ഷി...............................................63

41. വള്ളത്തോൾ നാരായണമേനോൻ...............64

42. നാരായണൻ..........................................65

43. പി. ഭാസ്കരൻ.......................................66

44. നിത്യചൈതന്യയതി...............................67

45. സി.വി. ശ്രീരാമൻ....................................68

46. ചങ്ങമ്പുഴ കൃഷ്ണപിള്ള...........................69

47. ചെറുശ്ശേരി...........................................70

48. സ്റ്റീഫൻ ഡബ്ലൂ ഹോക്കിങ്.........................72

49. പ്ലാസ്റ്റിക് റോഡുകൾ..............................74

50. ചാൾസ് ബാബേജ്.................................75

51. സ്കൂൾ ലൈബ്രറികൾ; വായനയുടെ വാതായനങ്ങൾ തുറക്കുന്നു..........................................77

52. മഴവില്ല്...............................................78

53. വൃക്ഷങ്ങൾ പ്രകൃതിയുടെ വരദാനം...............80

54. വായനദിനം..........................................82

55. മെത്തൂസെല........................................83

56. മരണമില്ലാത്ത ജെല്ലി...............................84

57. മനുഷ്യരുടെ ലോകം.................................85

58. പ്രകൃതിയിലെ പ്ലാസ്റ്റിക്............................86

59. പെയ്യട്ടങ്ങനെ പെയ്യട്ടെ.............................87

60. ആഘോഷങ്ങൾ.......................................88

61. മലയാളത്തിലെ പ്രധാന ആത്മകഥകൾ.....89

62. കോട്ടയം..............................................90

63. കടങ്കഥകൾ..........................................92

64. പഴഞ്ചൊല്ലുകൾ.....................................94

# നഷ്ടസ്വപ്നം

എൻ ഗ്രാമ ശോഭ
മാഞ്ഞു പോയതു
കണ്ടു വിങ്ങുമെൻ മാനസം
എല്ലാമെൻ ഓർമ്മകൾ മാത്രം!
എല്ലാമെൻ ഓർമ്മകൾ മാത്രം!

താരും തളിരും നിറഞ്ഞു
മരതകപ്പട്ടു ചുറ്റിയെന്നുള്ളിൽ
പരത്തിയ കാലമിന്നെൻ
മാനസത്തിൽ നിറയുന്നു.....

പട്ടുവിരിച്ച പാടങ്ങളില്ല
കളകളമൊഴുകും പുഴകളില്ല
ഏതിനു മേലെയായെന്നും
മരിക്കാത്തൊരു തണുത്ത
ഓർമ്മകൾ മാത്രം......
മരിക്കാത്തൊരു തണുത്ത
ഓർമ്മകൾ മാത്രം......

-അശ്വിൻ

# എങ്ങു പോയി?

കാറ്റിലാടണ വയലെവിടെ പോയ് മറഞ്ഞു?
കളകളമൊഴുകും അരുവികളെവിടെപോയ് മറഞ്ഞു?
തീറ്റ തേടണ അണ്ണാറക്കണ്ണനും
പാട്ട് പാടണ കുയിലമ്മ പെണ്ണും
നിറഞ്ഞ മരങ്ങളെവിടെ പോയ് മറഞ്ഞു?
ഈ ഗ്രാമമെവിടെ പോയ് മറഞ്ഞു?
മഞ്ഞിൽ കുതിർത്ത പച്ചപ്പും,
ശലഭങ്ങളോട് കിന്നാരം ചൊല്ലണ
വർണ്ണപ്പൂക്കളും എവിടെ പോയ് മറഞ്ഞു?
ഈ സുന്ദര ഗ്രാമമെവിടെ പോയ് മറഞ്ഞു?
എവിടെ നോക്കിയാലും
വറ്റിവരണ്ട പാടങ്ങളും
തരിശ്ശുഭൂമികളും മാത്രം.......
കാറ്റിലാടണ വർണ്ണക്കതിരുകൾ,
കൊത്തിപ്പാറണ തത്തമ്മപെണ്ണെങ്ങു പോയി......

എൻ തത്തമ്മപ്പെണ്ണെങ്ങു പോയി?
എൻ ഗ്രാമഭംഗി നശിച്ചുപോയോ?
എൻ സുന്ദര ഗ്രാമഭംഗി നശിച്ചുപോയി ...... –സ്വാമി

# ചുവപ്പു മഴ

നിനച്ചിരിയ്ക്കാതെ
പെയ്തമഴയ്ക്ക്
മഞ്ചാടി മണിയുടെ നിറം.
മഴയെ സ്നേഹിച്ച്
മഴയന്വേഷിച്ചു പോയവൾ
തിരികെ വന്നില്ല
കാത്തിരുന്നവർക്കു മുന്നിൽ
അവൾ കണ്ണീർ മഴയായ്.
കുയിലിനെ കുന്തത്തിൽ കോർത്ത്
പെരുമഴയത്ത്
കുട്ടികളുന്മാദത്തിന്റെ
കുന്നുകയറുന്നു.
മഴമേഘങ്ങൾക്ക്
ആയുധമേന്തിയ
പോരാളികളുടെ രൂപം.
കൽത്തുറുങ്കിലും
മലമുകളിലും
പൊരുതി വീണവരുടെ
ഒടുങ്ങാത്ത ഓർമ്മകൾ
മനസ്സിൽ മഴയായിരമ്പുന്നു.
ആരോ പറയുന്നു.

- അഷിജ

# അങ്ങുകിഴക്കൊരു.....



അങ്ങു കിഴക്കൊരു മലയുണ്ട്
ആനയിറങ്ങും മലയുണ്ട്
ഇലയും മൂടിയ മലയാണ്
ഊറ്റക്കാരൻ മലയാണ്
ഋഷിമാരെത്തി വളരുന്നു
ഈറക്കാടുകൾ പൂക്കുന്നു
ഉയരും കുരുവിയുണ്ടവിടെ
എല്ലാക്കിളികളുമുണ്ടിവിടെ
എല്ലാക്കാടുകളാടുന്നു
ഐതിഹ്യങ്ങൾ പാടുന്നു
ഒത്തിരിയരുവികളൊണ്ട് ഒഴുകുന്നു
ഓലഞ്ഞാലികൾ പാറുന്നു
ഔഷധമെല്ലാം വളരുന്നരു
അംബരമൊത്തും മലയുണ്ട്
അതിനും മുകളിലൊരാളുണ്ട്.........

- കാർത്തിക്

# അഭയം

ഉച്ചിയിൽ വിഴാതെ പോയ
ആപ്പിളിനോട് പരിഭവിച്ച്
ഞാൻ ഭൗതികശാസ്ത്രക്ലാസ്സിൽ നിന്നും
പടിയിറങ്ങി

ഓക്സൈഡു മൂടിപ്പോയതിനാൽ
പ്രതിപ്രവർത്തിക്കാനാകാത്തതിനാൽ
രസതന്ത്രത്തിന്റെ നരകത്തിൽ നിന്നും
എന്നെ രക്ഷിച്ചു

ക്ലോറോഫോമിന്റെ മയക്കുവെടിയിൽ
മെരുങ്ങാത്ത ഹൃദയം മിടിപ്പിച്ച്
തവള എന്നെ ജീവശാസ്ത്രത്തിൽ
ബോധരഹിതനാക്കി

ഉള്ളിയുടെ കരളിലൊളിപ്പിച്ച ശൂന്യാകാശം
വിവസ്ത്രമാകുന്നതുകണ്ട്
സൂക്ഷ്മദർശിനിയിൽ നിന്നും
മിഴിപറിക്കാനാവാതെ
ഉണ്മയുടെ മഹാവനത്തിൽ കുടുങ്ങി

സസ്യശാസ്ത്രത്തിന്റെ വഴി പിണക്കിയിൽ

ദിക്കു തെറ്റി ഒടുവിൽ
ജപിച്ചുകെട്ടിയ തകിടും കുടിൽ
മനസ്സും ചേർത്തു വീട്ടിലേക്കോടി

ചരിത്രം വിഡ്ഢികളോടു സല്ലപിക്കാൻ
ബുദ്ധിമാന്മാർ സൃഷ്ടിച്ച ഫലിതമാണെന്നറിഞ്ഞ്
എനിക്കെതിന്റെ മാനവികതയും നഷ്ടമായി

ക്രഡിറ്റും ഡബിറ്റുമായി ഗുണിച്ചും ഹരിച്ചും
ഞാൻ വെട്ടിത്തിരുത്തുന്ന ജീവിതം
എനിക്കോ എന്നെപ്പോലുള്ളവർക്കോ
ഉള്ളതല്ലെന്നറിഞ്ഞ്
ഞാൻ ധനശാസ്ത്രത്തിൽ തത്ത്വരഹിതനായി
ഒടുവിൽ ......

പാദാദിപ്പോരുത്തം മുറിഞ്ഞ്
ഈ മടിത്തട്ടിലഭയം
താള മുടഞ്ഞ് പ്രാസം വെറിച്ച്
മേനിചുളുങ്ങിയ
ഈ വ്രത്തഭാഗത്തിലഭയം
ഈ കാവ്യക്കലമ്പലിലഭയം
അഭയം
അഭയം
അഭയം . . . . . .

\- ദീപക്

# അരികെ



നീയടുത്തിരിക്കുമ്പോൾ തുഴ
തിരിച്ചുകിട്ടിയ മുക്കുവനെപ്പോലെ
മനസ്സിൽ, പെരുമീനുദിച്ചുയരുകയാണ്.
വറ്റിപ്പോയിരുന്ന കാറ്റ്, തിരിച്ചുവന്ന് ഊതി വിറപ്പിക്കുന്ന
കൊടിപോലെ സ്വാതന്ത്ര്യത്തിലേക്കു പറക്കുകയാണ്.
വീണ്ടും മുളച്ചു വിടരുന്നു ചിറകുനോക്കി
മീവൽപക്ഷി ചുണ്ടുപിളർത്തുകയാണ്..
നീയരികിലുള്ളപ്പോൾ, ശിശിര വാത്സല്യം പൊഴിച്ചെടുത്ത
ഇലകളിൽ നിലാവ്, വെള്ളിച്ചാറു തളിക്കുകയാണ്.
കെട്ടുപോയ കിനാക്കളുടെ മരുമണലിൽ
ഒറ്റനക്ഷത്രം, ജ്വലിച്ചു കൈചൂണ്ടുകയാണ്.
നീയരികിലുള്ളപ്പോൾ ദിനരാത്രങ്ങളുടെ ചാക്രികാവേഗമോ പുപ്പയ്
ക്കുള്ളിൽ നിന്നു ശലഭമുയിരിടുന്നതോ വർഷമാപിനിയിൽ വെയിലു
കുടുവെയ്ക്കുന്നതോ ഒന്നുമറിയുന്നില്ല ഞാൻ.
അലൗകികമായ ആ സാമിപ്യം വിരലുകളുടെ കമ്പനം
ഹൃദയമിടിപ്പിന്റെ താളം..... നീയടുത്തുണ്ടെന്ന സ്വപ്നത്തിൽ നിന്ന്
ഉണർത്തരുതേ....

– കണ്ണൻ

# എന്റെ നാട് പൊൻ നാട്




കേരളമെന്നുടെ നാടാണ്
കേളിയെഴുന്നൊരു നാടാണ്
കമനിയതയുടെ നാടാണ്
കനകം വിളയും നാടാണ്

കേരള നാടേ എന്നമ്മേ
ചേലുകൾ വിരിയും തിരുമടിയിൽ
ക്കർമ്മത്തിൻ നൂറുപ്പൂക്കൾ
വിരിയിച്ചീടാൻ കനിയണമേ

നേരും നെറിവും ചൊന്നീടാൻ
വിനയത്തോടെ മുന്നേറാൻ
അറിവിൻ പുത്തൻ ശ്രുതിമീട്ടി
വലുതായീടാൻ കനിയണമേ

കേരളമെന്നുടെ നാടാണ്
കമനിയതയുടെ നാടാണ്
മനസ്സിനകത്തും പൊന്നൊളികൾ
വിരിയിച്ചീടാൻ കനിയണമേ

-ആദിത്യൻ

# തിരുവോണം

ഒരു ചിങ്ങംകൂടി ഒരു

  തിരുവോണം കൂടി !

ഇളവെയിലിൻ കുമ്പിളിൽ

  നിന്നരളിപ്പൂ വിതറി

ചെറുമഞ്ഞത്തുമ്പികളാം

  തിരുവാഹനമേറി

ഒരുചിങ്ങം കൂടി !

  ഒരു തിരുവോണംകൂടി

(ഒ.എൻ.വി.കുറുപ്പ്)

# ഒറ്റയല്ല

എൻ ഹൃദയത്തോടൊത്ത്‌ മിടിക്കാൻ
  കടലല നിറച്ചും തിരയുണ്ട്
എൻശ്വാസത്തോടൊത്ത്‌ മുഴങ്ങാൻ
  കാറ്റിനു ചൂളംവിളിയുണ്ട്
എന്റെ കിനാവിന് ചന്തം പകരാൻ
  പൂവിതളുകളിൽ നിറമുണ്ട്
എൻ കണ്ണീരിനു കൂട്ടുകിടക്കാൻ
  ഇടവപ്പാതിയിൽ മഴയുണ്ട്
എന്റെയടുത്തിരുന്നു വെട്ടം പകരാൻ
  മിന്നാമിന്നി വിളക്കുണ്ട്
കല്ലും മണ്ണും മലയും
പാറയുമരുവിയുമാറും വിണ്ടലവും
  എന്റെ മനസ്സിനു കാതോർത്തും കൊണ്ടേങ്ങോ
  കാവലിരിപ്പുണ്ട് അങ്ങനെ കൂട്ടുക്കാരിവർ
പകരും ചങ്ങാത്തത്തിൽ കഴിമ്പോൾ ഒഴിഞ്ഞുമാറിയിരുന്നാലും
ഒറ്റയ്ക്കാവുകയില്ലല്ലോ!

(പി .മധുസൂദനൻ )

# ഓണക്കിനാവുകൾ

വെയിൽ മാഞ്ഞു മൗനം മുടപ്പാർന്നു

നെഞ്ചിൽ കനത്തുനിൽക്കെ,പിന്നിൽ വന്നു

നിൽപ്പതെന്നോർമ്മത്തടങ്ങളിൽ ചിങ്ങമാസത്തിൻ ചുട്ടും വിചാരവും

മങ്ങിമങ്ങിത്തെളിയുന്നു സൗവർണ്ണം, മിന്നിമായുന്നൊരേകാന്ത

താരമായ്

സ്മൃതികളിൽ തേക്കുപാട്ടിന്റെ ശീലുകൾ

പൂക്കളൊക്കെ മണത്തെത്തുമാവണിതുമ്പികൾ മുക്കുറ്റികൾ മൂത്തു

നരച്ചു നിൽക്കുന്നുവോ,

മുന്നിലായി മുറ്റത്തു നാം വരച്ചിട്ടൊരത്തവും തുമ്പകൾ

വാടിത്തളർന്നതെന്തേ, വയൽ ചന്തവും വാസനക്കാറ്റും

മറഞ്ഞതെന്തേ ? എത്ര ജന്മം കഴിഞ്ഞാലുമോർമകൾ

വിടർന്നിട്ടുമിടയ്ക്കൊരോണം വരുമ്പൊഴും കഴിയില്ല, പൂമുഖം

പനിച്ചിരിക്കുമ്പോൾ അധികനേരമവിടെത്തനിച്ചിരിക്കുവാൻ മുഖം

കുനിച്ചു മൗനമായ് വളഞ്ഞ മൂവാണ്ടനും മറക്കുമോ,

ഉണർത്തുപ്പാട്ടിന്റെയുഞ്ഞാലുകൾ പിന്നെയും

*വന്നുപോയവണിപ്പൂമകൾ പിന്നിൽ*
*വന്നുനിൽപ്പതെന്നോർമ്മത്തടങ്ങളിൽ വെണ്ണിലാവിൻ വഴി*
*മിന്നിപ്പൊലിഞ്ഞുവോ പ്രേമമൂറു മിഴിപൂക്കളും മാഞ്ഞുവോ*
*മാരിവില്ലിൻ നിറങ്ങളായ് ബാല്യം മായാത്തൊരോർമ്മപോൽ*
*മങ്ങിത്തിളങ്ങിയോ? എത്രവേഗം നാം നടന്നകന്നേതോ മട്ടുപ്പിന്റെ*
*ശിഷ്ടജീവിത*
*സത്രത്തിരക്കിൽ സ്നേഹപൂർവ്വം പറഞ്ഞില ഞാനൊന്നും*
*നോവേറുമേകാന്തരാത്രയിൽ, ഖേദപൂർവ്വം ഓർത്തെടുക്കാൻ*
*കഴിഞ്ഞില വാക്കുകൾ, പരസ്പരം മുന്നിൽ മാഞ്ഞുതീരുമ്പൊഴും*
*എത്ര ജന്മം കഴിഞ്ഞാലുമോർമ്മകൾ*
*വിടർന്നുമിടയ്ക്കൊരോണം വരുമ്പോഴും പൂക്കളെല്ലാംമരിച്ചുപോയ്*
*നഗര*
*പരിഷ്ക്കാര സന്ധ്യയിൽ, മരണവേഗം പകർന്നെങ്ങോ*
*മറഞ്ഞുപോയ് ചിങ്ങമാസത്തിൻ ചൂട്ടും വികാരവും ..*
*ഓണമെന്നാൽ പുത്തൻ കുരുന്നുകൾക്കറിയാം,*
*കലണ്ടറിൽത്തെളിയും സ്കൂളടപ്പിൻ ചുവന്ന രണ്ടക്ഷരം !*
*അവധിക്കുമേൽത്തിളങ്ങും*
*പുരാവസ്തുപോൽ നിറംമങ്ങും പഴങ്കഥ....*

*-ദീപക്*

# ഓർമ്മച്ചെപ്പ്

ഒറ്റയ്ക്ക് ഇരിക്കുന്ന പ്രാണസഖീ
എൻ ഹ്രദയകവടാത്തിങ്കൽ വരുമോ നീ -
ആരും കണ്ടാൽ  കൊതിച്ചു പോകും എൻ
പ്രിയ സഖി നീ എവിടെ ??

ശ്രുതികളിൽ തംബുരു മീട്ടിനിൽക്കുന്ന എൻ -
ദേവത നീ .................
എൻ അത്മാവ് പുണരുന്നനിന്നിൽ
കാലമാകു ആ ഗാനത്തിൽ എന്റെ
കുടെ വാരുമോ നീ ..????

പ്രാണസഖീ നീ എവിടെ പറയൂ
ആകാശത്ത് മിന്നുന്ന നക്ഷത്രത്തിൽ
നിൻ മുഖം ഞാൻ കണ്ടു
വിടർന്ന നിൽക്കുന്ന പൂക്കളിൽ
നിൻ പുഞ്ചിരി ഞാൻ കണ്ടു ....

– കണ്ണൻ

# കാത്തിരിപ്പ്

ആരറിയും എന്റെ ഹൃദയം

ഞാൻ നിനക്കു മാത്രമായി നിഴലായി കാത്തിരിക്കുന്നു -

നിനവായി നിന്റെ നിറവായി .....

നിന്റെ സയന്തനങ്ങൾ ഞാൻ കടം

കൊണ്ടപ്പോൾ



നീയെനിക്കന്നോ സ്വന്തമായി ....

ഇടവഴിയിലെ ഇടനാഴിയിൽ

നിന്നെയും കാത്തു ഞാൻ നിന്നു -

യാത്ര ചൊല്ലിപ്പോയപ്പോൾ കാത്തുകാത്തു ഞാനിരുന്നു

പുഴതൻ ഓരത്തു നിന്റെ വരവിനായി ഞാൻ കാത്തിരുന്നു.

ആമ്പലനടയിൽ നിൻ മുഖമൊന്നു കാണുവാൻ മാത്രം -

നാളുകളെണ്ണി ഞാൻ നോറ്റിരുന്നു

നിന്റെ പുഞ്ചിരിപ്പൂവിനായി

ചെമ്പകച്ചോട്ടിൽ ഞാൻ നോക്കിനിന്നു

ജീവിത സായാഹ്നത്തിൽ ഞാനറിഞ്ഞു ...

നീയെനിക്കെപ്പോഴോ നഷ്ടമായി ....

കാണാത്ത ലോകത്തു പോയതറിയാതെ

നാളുകളെണ്ണി കാത്തിരുന്നതെന്തിനോ ?

- മീര പി .കെ

# കുഞ്ഞുങ്ങൾ



കുഞ്ഞുങ്ങളെ അർക്കും
ഇല്ലാതാക്കാൻ കഴിയില്ല .
അവർ ദൈവങ്ങളാണ്
കാലന്റെ  ചക്രവേഗങ്ങൾക്ക്
ഇളം ചുവടുകളുടെ സ്വപ്നവേഗത്തെ
തോൽപ്പിക്കാനാവില്ല .
' പേരുമണ്ണി ' ലുറക്കിക്കിടത്തിയാലും
അവരെഴുന്നേറ്റു വന്ന്
നമുക്കമുന്നിൽ നൃത്തംവെക്കും

പുഞ്ചിരി പൂക്കാളായി
പൂമ്പാറ്റച്ചിറകുകളായ്
കുപ്പിവളക്കിലുക്കങ്ങളായ്...
കണ്ണുകളിലെ നക്ഷത്രത്തിളക്കമായ്
മനസ്സിലെ മഴവില്ലൊളിയായ്
ഒളിച്ചേ.... കണ്ടേ ..... പറഞ്ഞ്
അവർ നമ്മളെ
തോല്പിച്ചുകൊണ്ടേയിരിക്കും ........

-അഭിനവ്


# കൃഷി



പണികളിൽ നല്ലത്
കൃഷിപ്പണി
മണ്ണറിഞ്ഞു വിത്ത്
കളയില്ലാത്ത വിളയില്ല
വിത പോലെ കൊയ്ത്ത്
കണ്ണീരിൽ വിളഞ്ഞ വിദ്യയും വെണ്ണീറിന്റെ
വിളഞ്ഞ നെല്ലും
വിഷു കണ്ട രാവിലെ വിത്തിറക്കണം
വയലിൽ വിളഞ്ഞേ വയറ്റിൽ പോകൂ
വേരിനു വളം വയ്ക്കാതെ തലയ്ക്കു വളം വെച്ചിട്ടെന്താ
കാര്യം

-ഡാനി

# ഗാന്ധിപൂജ



ആരുടെ വിനയം നമ്മുടെ നാടിനു
സ്വാതന്ത്ര്യത്തിൽ കൊടിയായ്,
ആരഹിംസാമന്ത്രം കൊണ്ടീ
ഭാരത രാഷ്ട്രപിതാവായി,
ആരുടെ മുന്നിൽ ബ്രിട്ടീഷ് തോക്കുക-
ളാദരവോടെ തല താഴ്ത്തി,
ആരുടെ ചർക്കയിൽ നമ്മുടെ ഭാരത-
ജീവിതനൂലുകളിഴയായ്,
ആരുടെ രഘുപതിരാഘവ കേട്ടി-

ട്ടാഴികൾ പോലുമനങ്ങാതായ്,
ആരുടെയുപവാസങ്ങൾ നമ്മുടെ
ഭരതഭാഗ്യപ്പൊലിമകളായ്,
ആ മഹാത്മാഗാന്ധിയെ മാതൃക-
യാക്കുക നമ്മുടെ കർത്തവ്യം !
പുണ്യാത്മാവാമദ്ദേഹത്തെ
പൂജിക്കുന്നതുമൊരു പുണ്യം !

-കണ്ണൻ

# ഗോപാലകൃഷ്ണൻ

ഹരിനാമകീർത്തനം പാടി ഞാനൊന്ദനാളിൽ
ഗുരുവായൂതി മകിൽ   വർണ്ണനെന്റെ
മനസിന്റെ മണിമുറ്റത്തണഞ്ഞു
മഞ്ഞത്തുകിൽ ചാർത്തികൊണ്ടും
മയിൽപ്പീലി ചൂടികൊണ്ടും
യശോദാനന്ദനെന്റെ അന്ദകിൽവന്നു
ഗോപാലകഷ്ണനെന്റെ അടുത്തുനിന്നു
കടൽവർണ്ണൻതൻ കാർകുന്തലിൽ
വയിപ്പീ കളിച്ചുനിന്നു കണ്ണൻപൂനിലാപോലെ
എൻചാരെ ചിരിതൂകിനിന്നു

-ദീപക്

# ജീവിതം

ഓം സാന്ത്വനം സുഖകരം
ഈ ജീവീതം മനോഹരം
എത്രയോ മധുരസ്വപ്നങ്ങൾ
മഴയായി പെയ്തുപോയി
എൻ ജീവിതം ഒരു പൂവുപോലെ
എങ്ങുനിന്നൊ വന്നും
എങ്ങോട്ടാ പോകും

-ദീപക്

# തുടിതാളം തേടി....



നമ്മുടെ മാതാവ്- കൈരളി- പണ്ടൊരു

പൊന്മണിപ്പൈതലായ് വാണ കാലം-

യാതൊരു ചിന്തയുമില്ലാതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ,

ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-

റോടിക്കളിച്ചു രസിച്ച കാലം-

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിട്ടില്ലാത്ത പുങ്കൺഠത്താൽ

പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ

പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

**പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)**

# തെയ്യം



അമ്പലമുറ്റത്തരയാൽത്തറയിൽ,

കെട്ടിയൊരുങ്ങി ദൈവത്താർ,

അന്തിക്കനലുകളൂതീയെടുത്തു,

പന്തമൊരുക്കി ദൈവത്താർ,

ചുവന്ന പട്ടുകൾ കുത്തിയുടുത്തു,

മാറിൽ ചെമ്പകമാവയണിഞ്ഞു,

തുടുത്തു നിൽക്കും മാരിക്കലകളിൽ,

തുടുതുടെ കുങ്കുമപ്പൊടി പാറി,

ഉന്തിയ വട്ടക്കണ്ണുകൾ രണ്ടും,

ഉലകം ചുഴലും കനലായി.

ചായം തേച്ചു ചിവന്ന മുഖത്ത്

ക്രൗര്യം മുറ്റിതീയാളി.

പനയോലച്ചീന്തുകൾ പിന്നി,

ക്കെട്ടിയ മുടികഴിഞ്ഞാടി,

ചുവടുകൾ വെച്ചുറഞ്ഞാടീതെയ്യം,

ചിലമ്പുകൾ കിലുക്കികളിയാടി,

ശത്രുഹരത്തിനായിപോരാടി, തെയ്യം,

ശത്രുവിനെ നോക്കി വീറോടെ,

കോവിലിരിക്കുംപോതിയെ നോക്കി,

അട്ടഹസിച്ചു ദൈവത്താർ,

എത്ര തെയ്യങ്ങൾ ഞാൻ കെട്ടിയാടി,
ചണ്ഡീ നിന്മുന്നിലിത്രനാളും,
ഇന്നുമെൻ കുടിലിൽ തീയെരിയാൻ,
നല്ലനേരമെന്നു നോക്കിടേണം.
പട്ടിണിക്കോലങ്ങൾ, പാവങ്ങളെൻ-
പൈതങ്ങളേടിറ്റു കരുണ നീകാട്ടിയില്ല-
മര്റുപലതുള്ള സേവകരേ നീ
കൊറ്റക്കുടച്ചൂട്ടും മന്നരാക്കി.
കൊറ്റിയെപ്പൊലെ ഉഴറിക്കരഞ്ഞു.
നിൻമുന്നിൽ കോലങ്ങൾ കെട്ടിയാട്ടം,
ഈ പാവത്തിൻ ദു:ഖം നീ കണ്ടതില്ല,
പാരിൽ പലതരം കോലമാട്ടം,
കള്ളത്തരങ്ങൾക്കു കൂട്ടുനിൽക്കാൻ,
ഇന്നോളമീപാവം തുനിഞ്ഞുമില്ല,
എന്നോടു നീ ചെറ്റും കനിഞ്ഞുമില്ല,
ഊതി ഉരുക്കി മനസ്സിൽ പിടിപ്പിച്ച,
നോവും കിനാക്കൾ തൻചുടല ഭസ്മം,
വാരിയെടുത്തു ഞാൻ നെഞ്ചിലിട്ടു,
രാവിൽ നെറുകയിൽ കോലം തുള്ളി.
ഇന്നും പലവിധ വേഷമാട്ടം,

**തെയ്യക്കളരിയാണീയുലകം**

# നാടൻ പാട്ട്



മാരി മഴകള് ചൊരിഞ്ചു-ചെറ
വയലകളൊക്കെ നനഞ്ചേ
പട്ടിയൊരക്കിപ്പറഞ്ചേ-ചെറ
ഞാറകള് കെട്ടി യെറിഞ്ചേ
ഓമല, ചെന്തില, മാല-ചെറ
കണ്ണമ്മ കാളി കറമ്പി
ചാത്ത, ചടയമാരായ-ചെറ
മത്തിലകളെല്ലാംര വന്തേ
വന്ത നിരന്തവര് നിന്തേ-കെട്ടി
ഞാറെല്ലാം കെട്ടിപ്പകത്തി
ഒപ്പത്തിന് നട്ട കരേറാ -നവര്
കത്തിയടത്ത കനിഞ്ചേ
മാരി മഴകള് ചെരിഞ്ചേ-ചെറ
വയലകളൊക്കെ നനഞ്ചേ.

-ദീപക്

# നിലാവിനോട്



ഓടിവാ ഓടിവാ പൂന്നിലാവേ
ഓമന കുഞ്ഞിന്റെ മുന്നിൽ വാ നീ.
പിഞ്ചു കൈ നീട്ടിക്കുതുകത്തോടെ
കൊഞ്ചിവിളിക്കുന്നു പൈതൻ നിന്നെ
അമ്പിളിത്തോർവിട്ടിറങ്ങി വാ നീ
അക്കൊണ്ടൽ ആനമേൽ ഏറിവാനീ.
ഓടിവാ ഒടിവാ പൂനിലാവേ
ഒമനകുഞ്ഞിന്റെ മുന്നിൽ വാനീ
പാരത്തിൽ വന്നു കളിക്കുന്നേരം
പാലും പഴവും തരുന്നതുണ്ട്.
പൂപ്പന്തലേറിക്കളിക്കുന്നേരം
പൂന്തേനും പൂവും തരുന്നതണ്ട്.
വിണ്ണിൽ നിന്നമ്പിളിക്കൊച്ചമ്മാവൻ
കണ്ണാചടിയോന്നു കൊടുത്തയയ്ക്കും
തുപ്പപൂ കണ്ടിട്ടു തുല്ലുചൊല്ലും
തൂവായിലിങ്ങു കൊടുത്തയയ്ക്കും
ഓടിവാ ഓടിവാ പൂനിലാവേ
ഓമനകുഞ്ഞിന്റെ മുന്നിൽ വാ നീ .

- മാധവ്

# പി.കുഞ്ഞിരാമൻ നായർ

കുളിച്ചു പച്ചപ്പെലിപ്പാട്ടിൽ
  വിളിച്ചുമലനാടിനെ
ഒളിച്ചു പൂക്കളംതീർത്തു
  കളിച്ചു പുലർവേളകൾ
പറന്നു പോയ് പഞ്ചവർണ
  കിളിക്കൂട്ടങ്ങൾ പോലവെ
കുന്നിൻ ചെരുവിലോണപ്പൂ -
  ക്കുമ്പിളെന്തിയസന്ധ്യകൾ

-ദീപക്

# പൂമ്പാറ്റക്കവിത

അൽപായുസ്സാണെങ്കിലും പൂമ്പാറ്റേ
നിന്നെ കാണാനെന്തു ഭംഗിയാണ്
നിന്നെകണ്ടാൽ ഞങ്ങൾ വിശേഷിപ്പിക്കും
പ്രകൃതിയുടെ തോഴർ എന്നല്ലോ
എവിടുന്നുകിട്ടി പട്ടുടുപ്പ്
ആരുതുന്നിത്തന്നു പട്ടുടുപ്പ്

-ദീപക്

# പൂക്കാലം



പൂക്കുന്നിതാ മുല്ലാ ,
പുക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവ് ,
പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തി മേഘങ്ങൾ പോലെ.
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വിശന്നു വായു,
ഉല്ലാസ്മി നീണ്ട കൂ കൂ രവത്തലെ-
ല്ലാർക്കും മേകുന്നിതേ കോകിലങ്ങൾ
കാണുന്നിതാ രാവിലെ പൂവുതേടി
ക്ഷീണത്വമോകാത്തതേനീച്ച കാട്ടിൽ
പോണേയുത്ധാഹമുൾക്കൊണ്ടി വെയ്ക്കേ-
ന്തോണം വെള്ളുക്കുന്നു ഷസ്സോയിതെല്ലാം?
പാടങ്ങൾ വെന്നിൽ നിറം പൂണ്ടു നീളെ
പ്പാടിപ്പറനെത്തിയിത്തയെല്ലാം
കേടറ്റ നെല്ലിൻ കതിക്കാമ്പുകൊത്തി
ക്കുടാർന്ന
ദിക്കോർത്തുപോകുന്നുവാനിൽ
ചന്തം ധരയ്ക്കേറെയായ് , ശീതവും
പോയന്തിക്കു പൂങ്കവിലാളേറെയായി:
സന്തോഷമേറുന്നു ദേവാലയത്തിൻ
പൊന്തുന്നു വാദ്യങ്ങൾ - വന്നു വസന്തം !

(കുമാരനാശാൻ)

# പൊന്നോണം



പുതുവർഷംവന്നേ
ഓണക്കാലവുംവന്നേ
ചിങ്ങപുലരിയിൽ
ഓണംവന്നേ
പൊന്നോണംവന്നേ......

പുതുവർഷത്തിൽ
പലപലകാഴ്ചകൾകണ്ടേ
പുലരിതൻപൂക്കൾശോഭവിടർന്നേ
പൂക്കൾപലതുംവിടർന്നേ
അത്തപ്പൂക്കൾഇട്ടുതുടങ്ങി.

പലപലഭംഗികളലെ
പുതു പുതുദിവസംവന്നുതുടങ്ങി
ഓണപ്പൂക്കൾഇറക്കുവായി
ഒരോവർഷവുംഓണംവന്നേ
പൂക്കൾതൻശോവിടർന്നേ

പുതുവർഷംവന്നേ
ഓണക്കാലംവന്നേ...... –ദീപക്

# പ്രഭാതം

ആദിത്യൻ തൻ പൊൻകിരണങ്ങൾ
തൊട്ടുണർത്തി പ്രഭാതത്തിന്
കിളികൾതൻ കളകൂജനങ്ങൾ
ഉണർത്തുപാട്ടായി
മഞ്ഞുതുള്ളിയിൽ ഹാരം ചാർത്തുന്ന
ചെറുപുഷ്പങ്ങൾ മന്ദഹാസം പൂണ്ടു
പ്രഭാതം വരവായി
ക്ഷേത്രത്തിൽനിന്നുമ്ദം
പ്രഭാത ഗിതങ്ങൾ പ്രഭാതത്തിന് മണർവ്വായ് -തീർന്നു തെളിവാർന്ന
നീന്ദ്രവകളിൽ സൂര്യബിംബം ഒളിവീശി സൂര്യകിരണങ്ങൾ
തൊട്ടുണർത്തിയ കമലങ്ങൾ പ്രകതിതൻ
ചെലയ്ക്കുഞ്ചലയായിനിന്നു



-കണ്ണൻ

# ബാല്യം



ആയിരം പൂത്തിരി കത്തിയപോൽ
പൊട്ടിച്ചിരിക്കുന്ന ബാല്യം
പൂത്തുമ്പി പോലെങ്ങും പാറി
പൂത്തുലഞ്ഞാടുന്ന കാലം
മിനുമിനെ മിന്നുന്ന മുത്തും
ചിപ്പിയും വെള്ളാരം കല്ലും
ചിക്കിച്ചികഞ്ഞു നടക്കും
കൗതുകമേറുന്ന കാലം
ഇതിന്റെ തിക്കിത്തിരക്കിൽ
ശ്വാസമടക്കിപ്പഠിപ്പിൽ
ബാല്യത്തിൻ കൗതുക കാന്തി
തട്ടിത്തെറിക്കുന്നു കഷ്ടം
വെൺപട്ടുപോൽ നിന്റെ ശുദ്ധി
കണ്ടു പഠിക്കട്ടെ മർത്ത്യർ
ഓമനേ നിന്റെയുള്ളത്തിൽ
എന്നും വസിക്കുന്നു ദൈവം.

-ദീപക്

# ഭൂമിയ്ക്ക് ഒരു ചരമഗീതം




ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന
മൃതിയിൽ നിനക്കാത്മശാന്തി!
ഇത് നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.
മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൽ
നിഴലിൽ നി നാളെ മരവിക്കേ
ഉയിരറ്റ നിൻമുഖ്ത്തശ്രു ബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരു,മീ ഞാനും
ഇതു നിനക്കായ് ഞാൻ കുറിച്ചിടുന്നു
ഇനിയും മരിക്കാത്ത ഭൂമി!
നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി
പന്തിരുകുലം പെറ്റ പറയിക്കുമമ്മ നീ
എണ്ണിയാൽ തീരാത്ത,
തങ്ങളിലിണങ്ങാത്ത
സന്തതികളെ നൊന്തു പെറ്റു!
ഒന്നു മറ്റൊന്നിനെക്കൊന്നു തിന്നുന്നത്

കണ്ണാലെ കണ്ടിട്ടുമൊരുവരും കാണാതെ
കണ്ണിരൊഴുക്കി നി നിന്നു!
പിന്നെ, നിന്നെതന്നെയല്ലാൽപമായ്ത്തിന്നു
തിന്നവർ തിമിർക്കവെയേതും വിലക്കാതെ
നിന്നു നി സർവംസഹയായ്!
ഹരിതമൃദുകഞ്ചുകം തെല്ലൊന്ന് നീക്കി നി-
യരുളിയ മുലപ്പാൽ കുടിച്ചുതെഴുത്തവർ-
ക്കൊരു ദാഹമുണ്ടായ്.(ഒടുക്കത്തെ ദാഹം!)
തിരുഹൃദയരക്തം കുടിക്കാൻ!
ഇഷ്ടവധുവാം നിന്നെ സൂര്യനണിയിച്ചൊരാ
ചിത്രപടകഞ്ചുകം ചീന്തി
നിൻ നഗ്നമേനിയിൽ നഖം

താഴ്ത്തി, മുറിവുകളിൽ-
നിന്നുതിരും ഉതിരമവർ മൊന്തി
ആടിത്തിമിർക്കുംതിമിർപ്പുകളിലെങ്ങെങ്ങു-
മാർത്തലയ്ക്കുന്നു മൃതിതാളം!
അറിയാതെ ജനനിയെപ്പരുണയിച്ചൊരു യവന-
തരുണന്റെ കഥയെത്രപഴകി:
പുതിയ കഥയെഴുതുന്നു: വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു!

വിപണികളിലവ വിറ്റ് മൊന്തുന്നു വിട നഖര-

മഴുമുനകൾ കേളിതുടരുന്നു!

കത്തുന്ന സൂര്യന്റെ കണ്ണുകളിൽ നിന്നഗ്നി

വർഷിച്ച രോഷമുണരുന്നു!

ആടിമുകിൽമാല കുടിനീരുതിരയുന്നു.

ആതിരകൾ കുളിരു തിരയുന്നു.

ആവണികൾ ഒരു കുഞ്ഞുപൂവു തിരയുന്നു!

ആറികളൊഴുക്കു തിരയുന്നു!

സർഗലയതാളങ്ങൾ തെറ്റുന്നു. ജീവിതരഥ-

ചക്രങ്ങൾ ചാലിലുറയുന്നു!

ബോധമാം നിറനിലാവൊരു രശ്മിയെങ്കിലും

ചേതനയിൽ ശേഷിക്കുവോളം,

നിന്നിൽ നിന്നുരവായി

നിന്നിൽ നിന്നുയിരാർന്നൊ-

രെന്നിൽ നിന്നോർമകൾ മാത്രം!

-ഒ.എൻ.വി. കുറുപ്പ്.

# മരം



രണ്ടു മരം കാടാകുമോ
കാടടച്ചു വെടി വയ്ക്കരുത്
കാട്ടിലെ മരം തേവരുടെ ആന
കാടു കളഞ്ഞവന്റെ കൈ കൊത്താറുണ്ടോ
കാടാറു മാസം നാടാറു മാസം
കാടു വെട്ടാൻ കോടാലിയുടെ സമ്മതം വേണോ
കാട്ടിൽ ചെന്നാൽ കള്ളൻ നാട്ടിൽ വന്നാൽ വെള്ളൻ
കാടു വാ... വാ... വീട് പോ... പോ...
കാട്ടിൽ കിടക്കും നൂറു പക്ഷിയേക്കാൾ
കൈയിലുള്ള ഒന്നു ഭേദം

-കണ്ണൻ

# മരം ഒരു വരം



അരുതേ അരുതേ ചങ്ങാതികളേ
അരുമമരങ്ങൾ മുറിക്കരുതേ
കാച്ചിമിനുക്കിയ മഴുവാൽ നിങ്ങൾ
മരക്കഴുത്തുകൾ വെട്ടരുതേ
കായും കനിയും നമ്മൾക്കേകും
കനകമരങ്ങൾ മുറിക്കരുതേ
കുളിരും തണലും നമ്മൾക്കേകും
കുളിർമരമല്ലോ വെട്ടരുതേ
പച്ചപ്പൂങ്കുട വിരുത്തി നിൽക്കും
കൊച്ചുമരങ്ങൾ മുറിക്കരുതേ
കിളികൾക്കെല്ലാം അഭയം നൽകും
തളിർമരമിനിയും വെട്ടരുതേ
ദിവ്യൗഷധമായ് മുന്നിൽ വിളങ്ങും
അറിയാമരങ്ങൾ മുറിക്കരുതേ
വർണ്ണപ്പൂങ്കല കൈകളിലേന്തി
പൂമരമൊന്നും വെട്ടരുതേ
അരുതേ അരുതേ ചങ്ങാതികളേ
അരുമമരങ്ങൾ മുറിക്കരുതേ
നമ്മുടെ ജീവന് താങ്ങായ് നിൽക്കും
അരുമമരങ്ങൾ മുറിക്കരുതേ

-അംശുമതി

# ഓണം



ഓണം വന്നാലെന്തൊക്കെ ?
  കാണം പൂക്കൾ വഴിക്കൊക്കെ
തുമ്പികൾ പാറും മുറ്റത്ത്
  കൊറ്റികളെത്തും പാടത്ത്
അലിൻ കൊമ്പത്തുഞ്ഞാലിൻ
  ആടാനെത്തും പൈങ്കിളികൾ
ഓണം വന്നാലെന്തൊക്കെ ?
  കാണാം കളിചിരി നാടൊക്കെ

(മലയത്ത് അപ്പുണ്ണി)



# മഴ

മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും
കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം
മഴ പെയ്താൽ പുഴയറിയും
മഴ നിന്നാൽ മരം പെയ്യും
മഴയെന്നു കേട്ടാൽ മാടുപേടിക്കുമോ
തിരുവാതിരിക്കു തിരി മുറിയാതെ മഴ
കാലത്തുവന്ന മഴയും അന്തരിക്കുവന്ന വിരുന്നും
മാക്രി കരഞ്ഞാൽ മഴ പെയ്യുമോ.

-ദീപക്

# മഴക്കവിതകൾ

പ്രാചീനകവിത്രയം മഴയെപ്പറ്റി പാടിയത്



.....
"പാരിച്ചചോരുന്ന പേമഴതാനുമന്നേരറ്റം
നിന്നൊരു പാഴിടിയും
കുന്നിനെത്തള്ളുന്ന  വങ്കാറ്റുമെന്നപ്പോൾ
മുന്നേതിലേറ്റവും വന്നതല്ലോ".

ചെറുശ്ശേരി.

"ആലിപ്പഴം പൊഴിയുമാതി വ്രൃഷ്ടിഘോഷം
മേലിൽപ്പരന്നു ചൊരിയുന്ന ദശാന്തരാളേ
കാലിക്കുലം കലുഷധാര പൊറ്റാഞ്ഞുമണ്ടിപ്പാലിക്ക
മച്യുതപദേ പരിതോ നിറഞ്ഞു"

കുഞ്ചൻ നമ്പ്യാർ.

"കാഠിന്യമായിക്കിടന്നൊരു മേദിനി
കാഠന്യമെത്യേ ചെളിയായ് ചഞ്ഞിതു
സസ്യസംപൂർണമായ് വന്നു ധരിത്രിയും
മത്സ്യങ്ങൾ ശക്തി വധിച്ചു പുളിച്ചിതു
വ്രൃക്ഷലതാദികളെക്കെത്തളിർത്തിതു
തൽക്ഷണം കർഷകന്മരേര മോദിച്ചു
കാമ്യതപസ്വികൾ തൽഫലം സിദ്ധിച്ചു
സൗമ്യമാംവണ്ണം തെളിഞ്ഞിതചരങ്ങൾ

എഴുത്തച്ഛൻ

# വിദ്യ

*വിദ്യ കൈവശമെങ്കിൽ*
*വെണ്ണയുണ്ടങ്കൽ നറുനെയ്*
*വേറിട്ട കരുതണമൊ?*
*വിദ്യവിട്ടുനരന്നാവുമൊ*
*വിശ്വംഭരയിൽ വാഴുവാൻ*
*അയുധംകൈയിലില്ലാത്തൊ*
*നടരാട്ടുന്ന തെങ്ങനെ?*
*പുറം കണ്ണുതറപ്പിച്ചു*
*പുലർ വേളയിലുംഞ്ഞുമാൻ*
*അകക്കണ്ണ തുറപ്പിപ്പനാശാൻ ബാല്യത്തണം*
*അണമെകുന്നവൻ വോദാമപ്പോമാത്രമണച്ചിട്ടും*
*ആജീവനാന്തമാനന്ദ*
*മരുളും വിദ്യനൽകുവോൻ*
*കൊണ്ടു പൊകില്ലചോരന്മാർ*
*കൊട്ടുകുവന്തറും മെറിട്ടും*
*മെനതൽകും മരിച്ചാലും*
*വിദ്യതന്നെമഹാധനം*

**(ഉള്ളൂർ)**

# വിശ്വ ശില്പി

പുല്ലിലും പൂവിലുമാഴിപ്പരപ്പിലും
ചൈതന്യമേകുന്ന മുഗ്ധരൂപാ
മാനത്തെ വാർമഴവില്ലിലും സായാഹ്ന
ചക്രവാളത്തിന്റെ പൊൻ കവിളിൽ
പൊട്ടിചിരിക്കും സുമങ്ങളിൽ പഞ്ചമ
രാഗം പൊഴിക്കും കിളികളിൽ
ആഴിയിലൂഴിയിലെല്ലാടവും കാവ്യ
കേളിയുണർത്തിടും വിശ്വശിൽപി
എന്നിലെ ജീവനായ് സർവാധിനാഥനായ്
എന്നും വിളങ്ങുന്ന ദൗരൂപാ
ഏറ്റം വിനീതനായ് കൈവണങ്ങീടുമീ
യെന്നെ നയിക്കനീ സൽപഥത്തിൽ.

# ശൈവം

ആകാശത്തു നിന്നു കവിത
കഥയെ കണ്ണിറുക്കി കാണിച്ചു
ഭൂമിയിൽ നിന്ന് കഥ
കവിതയുടെ നേർക്ക് കടാക്ഷമയച്ചു
പതുക്കെ പതുക്കെ കഥ
ആകാശം നോക്കി കയറാൻ തുടങ്ങി
മനസ്സിളകിയ കവിത
മെല്ലെ മെല്ലെ മണ്ണിലേക്കിറങ്ങാനും
തുടങ്ങി കഥയും കവിതയും
കവിത കഥയുമായത്രുങ്ങനെയാണ്
സാഹിത്യത്തിൽ
അർധനാരീശ്വര സങ്കല്പമുണ്ടായത്
ഇങ്ങനെയായിരിക്കണം

-മണമ്പൂർ രാജൻ ബാബു

# സൗഹൃദം

ചെടികളിൽ നിറയുന്ന മധുരവുമായ്
അരുമക്കിടാവിന്റെ മുന്നിൽ  നിൽക്കെ
ഒരു മുളം തണ്ടിലൂടൊഴുകി വന്ന
പ്രിയരാഗമെന്നിൽ നിറഞ്ഞിടുന്നു
കൊഴിയാത്ത പൂക്കളീതൊടിയിലേക്കും
പരിമളമൂഞ്ഞാലിലാടിടുമ്പോൾ
നുകരാത്ത ഹർഷബാഷ്പങ്ങളെല്ലാം
അകതാരിലാന്ദോളനങ്ങളായി.
ചിരികാലമെന്നിൽത്തിളങ്ങിനിന്ന
സുഖദാനുഭൂതിതൻ ചിറകിലേറി
അനുയാത്രചെയ്യുവാനെന്നുമെന്നും
ഹൃദയാഭിലാഷം തുടിച്ചിടുന്നു.
അരിമുല്ലമൊട്ടിലൂടൊഴികിടുന്ന
ചിരിയിലെന്നാത്മാവുപരിലസിക്കെ
മലവാക പൂക്കുന്നു പുളകമെങ്ങും.
പുതുമാരിപെയ്തുവിലാസലോലം
കതിർവീശി നിന്നിലൂടെന്നിലെത്തും
പുതിയ ജന്മാന്തര സൗഹൃദയത്തിൻ
മഴവില്ലിൻ മഹനീർണങ്ങളും
തണുവും കിനാവിന്റെ പൂക്കൂടയും
ഇനിയെന്നിലൂറുന്ന കവിതയെല്ലാം
മകനേ നിനക്കുള്ള ഭാവുകങ്ങൾ
നിറയട്ടെ നിൻ മലര്ക്കാമ്പിലെന്നും
ഹൃദയങ്ങൾ തേടുന്ന ശാന്തിമന്ത്രം.

# മനോഭാവം

പ്രസിദ്ധമായ ഒരു പാദരക്ഷ വിപണനം ചെയ്യുന്ന അമേരിക്കൻ കമ്പനി രണ്ടു സെയിൽസ്മാന്മാരെ ആഫ്രിക്കയിലേക്ക് അയച്ചു. നൈജീരിയയിൽ വിമാനമിറങ്ങിയ അവരിൽ ഒരാൾ തെക്കോട്ടും മറ്റെയാൾ വടക്കോട്ടും യാത്ര തിരിച്ചു. വടക്കോട്ടു പോയയാൾ പലയിടത്തും  യാത്ര ചെയ്തു. ആരും തന്നെ ചെരുപ്പുകൾ ധരിക്കുന്നില്ല. അയാൾ വിചാരിച്ചു 'ചെരുപ്പു ധരിക്കുന്ന സ്വഭാവം ഇവർക്കില്ല. ഇവിടെ ചെരുപ്പു കൊണ്ടുവന്നാൽ ആവശ്യക്കാരുണ്ടാവുകയില്ല'. അയാൾ ഹെഡ് ഓഫീസിലേക്ക് വിളിച്ചുപറഞ്ഞു.' ഇവിടെ ചെരുപ്പിന് ആവശ്യക്കാരുണ്ടാവുകയില്ല കാരണം ആരും ഇവിടെ ചെരുപ്പു ധരിക്കുന്നില്ല. അതുകൊണ്ട് ഞാൻ തിരിച്ചു പോരുകയാണ്.'

തെക്കോട്ടു പോയ ആൾ പലയിടത്തും  യാത്ര ചെയ്തു. ആരും ചെരുപ്പുകൾ ധരിക്കുന്നതായ് കണ്ടില്ല. അയാൾ ഉടനെ വിളിച്ചുപറഞ്ഞു.'ഇവിടെ ആർക്കും ചെരുപ്പില്ല. അതുകൊണ്ട് ചെരുപ്പിന് വിപണനസാധ്യത വളരെയാണ്. ഉടൻ തന്നെ ഒരു കപ്പൽ നിറയെ ചെരുപ്പുകൾ അയയ്ക്കുക'.

രണ്ടു പേരിലും രണ്ടു വ്യത്യസ്ത മനോഭാവമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഒരാൾ അത് നെഗറ്റീവായും മറ്റെയാൾ അത് പോസിറ്റീവായും ചിന്തിച്ച. ഇതുപോലെ നമ്മുടെ ജീവിതത്തിലെ നെഗറ്റീവുകൾ പോസിറ്റീവായ് കാണുക.

-കണ്ണൻ

# രക്ഷപ്പെട്ടേ

പണ്ട് പണ്ട് ഒരിടത്ത് ഒരു കുളത്തിൽ ധാരാളം മീനുകളുണ്ടായിരുന്നു. അവയിൽ ഏറ്റവും വലിയ മീൻ മഹാ അഹങ്കാരിയായിരുന്നു.ഹോനു എന്നായിരുന്നു അവന്റെ പേര്.

ഹോനു എപ്പോഴും ചെറിയ മീനുകളെ കളിയാക്കും. ഇത്തിരി കുഞ്ഞന്മാരായ നിങ്ങളുടെ കൂടെ താമസിച്ച് എനിക്ക് മടുത്തു. നിങ്ങളാണ് എന്റെ കൂട്ടുകാർ എന്നോർക്കുമ്പോൾ എനിക്ക് നാണക്കേടാകുന്നു. ഇതുകേൾക്കുമ്പോൾ ചെറിയ മീനുകൾക്ക് സങ്കടം വരും. ഒരിക്കൽ ഒരു മീൻ പിടുത്തക്കാരൻ കുളക്കരയിലെത്തി. അയാളെ കണ്ടതേ  ചെറിയ മീനുകളെല്ലാം പേടിച്ചുപോയി. അവർ വേഗം കല്ലുകളുടെയും ചെടികളുടെയും ഇടയിൽ ഒളിച്ചിരുന്നു. ഇതുകണ്ട ഹോനു ചെറിയ മീനുകളെ കളിയാക്കി. "ഹ ഹ പേടിതൊണ്ടന്മാർ "മീൻ പിടിത്തക്കാരൻ വല വീശി ചെറിയ മീനികളൊന്നും വലയിൽ കുടുങ്ങിയില്ല. പക്ഷേ, വലിയ മീനായത് കൊണ്ട് ഹോനു വലയിൽ കുടുങ്ങി. മീൻ പിടിത്തക്കാരൻ വല പൊക്കിയപ്പോൾ അതാ വലയി ഒരു മീൻ ഹയ്യട കോളടിച്ചു. അയാൽ ഹോനുവിനേയും കൊണ്ട് വീട്ടിലേക്ക് പോയി. വലുപ്പം കുറഞ്ഞത് കൊണ്ടല്ലേ നമുക്ക് കല്ലുകൾക്ക് ഇടയിൽ ഒളിക്കാൻ സാധിച്ചത്. ചെറിയ മീനുകൾക്ക് ആശ്വാസമായി.
 പിന്നിടൊരിക്കലും ചെറിയവരാണെന്ന്
.ഓർത്ത് അവർ വിഷമിച്ചിട്ടേയില്ല.




# സ്വർണ്ണ പക്ഷി


ഒരു കുളത്തിന്റെ കരയിലുള്ള മരശിഖരത്തിൽ ഒരിക്കൽ ഒരു സ്വർണ്ണവർണ്ണമുള്ള പക്ഷി വന്നിരുന്നു. സൂ ര്യപ്രകാശത്തിൽ
അതിന്റെ നിഴൽ ജലത്തി പ്രതിബിംബിക്കുന്നു.കുളത്തിൽ കുളിക്കാൻ വന്നഒരുവൻ പക്ഷിയുടെ നിഴൽ വെള്ളത്തിൽ കണ്ട് അതു സ്വർണ്ണമാണെന്നു ധരിച്ച് മുങ്ങിത്തപ്പാൻ തുടങ്ങി.എത്ര മുങ്ങിയിട്ടും കിട്ടാതായപ്പോൾ നിരാശനായി താടിക്കു കൈയും കൊടുത്ത് കടവിൽ വന്നിരുന്നു.ആ ഇരിപ്പു കണ്ടു അയാളുടെ അച്ഛന് അതുവഴി വന്നു. അച്ഛനോട് രഹസ്യമായി കുളത്തിലെ സ്വർണ്ണത്തിന്റെ കാര്യം അയാൾ പറഞ്ഞു. വെള്ളത്തിലെ നിഴൽ ശ്രദ്ധിച്ച പിതാവ് മരക്കൊമ്പത്തേക്കു വിരൽ ചൂണ്ടി സ്വർണ്ണവർണ്ണമു ള്ള
പക്ഷയെ മകനു കാണിച്ചു കൊടുത്തു.കൂടുതൽ വിശ്വാസം വരാനായി അയാൾ ആ പക്ഷിയെ ആട്ടിപ്പായിച്ച ു.വെള്ളത്തിലെ
സ്വർണ്ണം അപ്രത്യക്ഷമായതു ശ്രദ്ധിച്ച മകനോട് ആ പിതാവു പറഞ്ഞു. മോനേ മിഥ്യാഭ്രമങ്ങൾ മനുഷ്യരെ പരിഹാസ്യരാക്ക ും
വിചാരശൂന്യരായ മൂഢന്മാർ മിഥ്യാജ്ഞാനത്താൽ ഭ്രമിക്കുകയുംഅന്യന്മാർക്ക് അപഹാസ്യന്മാരായും സ്വജനങ്ങൾക്ക് ശോച്യന്മാരായും ഭവിക്കുന്നു.

# വള്ളത്തോൾ നാരായണമേനോൻ




മലയാളത്തിലെ ആധുനിക കവിത്രയത്തിലൊരാൾ. മലപ്പുറം ജില്ലയിലെ മംഗലംഗ്രാമത്തിലാണ് ജനിച്ചത്. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഒട്ടനവധി കവിതകളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. കഥകളിയുടെ പുനരുദ്ധാരണത്തിനായി കേരളകലാമണ്ഡലം സ്ഥാപികുന്നതിന് നേതൃത്വംവഹിച്ചു. വാൽമീകി രാമായണം ഋഗ്വേദം, ശാകുന്തളം എന്നിവമലയാളത്തിലേക്കുതർജമ ചെയ്യുകയുണ്ടായി. പത്മവിഭാഷൺ ബഹുമതിലഭിച്ചു. ചിത്രയോഗം, ബധിരവിലാപം,യ, ഒരു കത്ത്, ബന്ധനസ്ഥനായ അതിരുദ്ധൻ, ശിഷ്യനും മകനും, അച്ചനും മകളും, മഗ്ദലന മറിയം, കൊച്ചുസിത, ഗണപതി, സാഹിത്യമഞ്ജരി-11 ഭാഗങ്ങൾ എന്നിവയാണ് പ്രധാനകൃതികൾ.

# നാരായണൻ



ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പെട്ടുന്ന കുടയത്തൂരിൽ 1940 സെപ്തംബർ 26 നു ജനിച്ചു. കൊച്ചരേത്തിയാണ് ആദ്യനോവൽ. ഊരാളിക്കുടി, വന്നല ആരാണു തോൽക്കുന്നവർ, കഥകൾ- നാരായണൻ. എന്നിവയാണ പ്രധാന ക്രിതികൾ. ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. കൊച്ചരേത്തിക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

# പി. ഭാസ്കരൻ

(1924-2007)




കവി, ഗാനരചയിതാവ്, ചലച്ചിത്രകാരൻ, മാധ്യമ പ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധിപൻ, ഏഷ്യാനെറ്റിന്റെ ആദ്യ ചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയാലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് ജെ. സി. ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തമ്പുരു, ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജിക്കുന്നു, ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽക്കാറ്റ്, രണഭേരി, കർഷകഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം (കവിതകൾ), ദേശിയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയുരിപ്പാല് (ഗാനസമാഹാരങ്ങൾ), കാടാറുമാസം, സിനിമാനിർമ്മാണം (ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.

# നിത്യചൈതന്യയതി



പത്തനംത്തിട്ടയിലെ വകയാറിൽ ജനിച്ചു.
തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ
നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ചു .
മനശ്ശാസ്ത്രം ജീവിതത്തിൽ, യതിചര്യ,
മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന
കാവ്യശിൽപം, സമൃക്കായ ലോകവീക്ഷണം,
എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറെ
മലയാളകൃതികൾ രചിച്ചിട്ടുണ്ട്
"Neither this nor that" തുടങ്ങി അൻപ -
ത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു .
കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

# സി. വി. ശ്രീരാമൻ



തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു.
കഥാകൃത്ത്, രാഷ്ട്രീയപ്രവർത്തകൻ.
കേരളസാഹിത്യ അക്കാദമി ഉപാധ്യക്ഷൻ,
കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ
പദവികൾ വഹിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ
പ്രസിഡന്റായിരുന്നിട്ടുണ്ട്.
വാസ്തുഹാര, ക്ഷുരസ്യധാര, ഓർമ്മച്ചെപ്പ്,
തീർഥക്കാവടി, ദുഃഖിതരുടെ ദുഃഖം, പുറംകാഴ്ചകൾ,
ചക്ഷുശ്രുവണഗളസ്ഥമാം തുടങ്ങിയവ കൃതികൾ. കേന്ദ്ര – കേരള
സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# ചങ്ങമ്പുഴ കൃഷ്ണപിള്ള

സാധാരണക്കാരുടെ നാവിൽപ്പോലും തത്തികളിച്ച കവിതകൾ മലയാളത്തിനു സമ്മാനിച്ച കവിയാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള. ഗാനഗന്ധർവൻ എന്ന് ഇദ്ദേഹം കാവ്യലോകത്ത് അറിയപ്പെട്ടു. എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ 1911 ഒക്ടോബർ 10-ന് ചങ്ങമ്പുഴ കൃഷ്ണപിള്ള ജനിച്ചു. എറണാകുളത്തും തിരുവനന്തപുരത്തും ഉന്നതവിദ്യാഭ്യാസം നടത്തി. പിന്നീട് കവിതകൾ എഴുതിത്തുടങ്ങി. തന്റെ ഉറ്റ സുഹൃത്തായ ഇടപ്പള്ളി രാഘവൻ പിള്ളയുടെ മരണത്തെ തുടർന്ന് ചങ്ങമ്പുഴ എഴുതിയ രമണൻ എന്ന വിലാപകാവ്യം കേരളത്തിൽ തരംഗം സൃഷ്ട്ടിച്ചു. സാമൂഹികമായ അസമത്വം, ദാരിദ്രം, അനീതി എന്നിവയുടെ നേർക്കുള്ള പ്രതിഷേധം മുഴക്കുന്ന സുപ്രസിദ്ധങ്ങളായ പല കൃതികളും ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്.



ബാഷ്പാഞ്ജലി, ആരാധകർ, സങ്കൽപകാന്തി, ദേവഗീത, ഹേമചന്ദ്രിക, ദിവ്യഗീതം, വത്സല, അപരാധികൾ, തിലോത്തമ, മനസ്വിനി എന്നിവയാണ് മറ്റു കൃതികൾ.


# ചെറുശ്ശേരി



കൃഷ്ണഗാഥയുടെ കർത്താവായ ഇദ്ദേഹം ഉത്തരകേരളത്തിലെ കുറുമ്പ്രനാട് താലൂക്കിൽ ചെറുശ്ശേരി എന്നും പുനം എന്നും പേരുള്ള ഇല്ലത്തിൽ 1375-ജനിച്ചു. നമ്പൂതിരിയാണെന്ന് കരുതപ്പെടുന്നു. കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മൻ കോലത്തിരിയുടെ സദസ്യനായിരുന്നു ചെറുശ്ശേരി

അഗാദമായ സൗന്ദര്യബോധമുള്ള കവിയായിരുന്നു ചെറുശ്ശേരിയെന്ന് കൃഷ്ണഗാഥ വെളിപ്പെടുത്തുന്നു. ഉദയവർമ്മയുടെ അജ്ഞാനുസരണമാണ് അദ്ദേഹം 'കൃഷ്ണഗാഥ' രചിച്ചതെന്നും കരുതപ്പെടുന്നു. സംഗീതാത്മകമായ മഞ്ജരിവൃത്തത്തിലാണ് ഈ കാവ്യം മുഴുവൻ രചിച്ചിട്ടുള്ളത്.ഭാഗവതപുരാണത്തെ അവലംബിച്ച് ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥയാണ് കൃഷ്ണഗാഥ. കൃഷ്ണഗാഥ മാധുര്യം കൊണ്ട് മലയാളിയുടെ മനസ്സിൽ ഇന്നും തങ്ങിനിൽക്കുന്നു. കൃഷ്ണഗാഥ രചനയിലൂടെ മലയാള സാഹിത്യത്തിന് അഭിമാനമായി മാറിയ ചെറുശ്ശേരി തന്നെയാണ് "ഭാരതഗാഥ" എന്ന കാവ്യവും രചിച്ചിട്ടുള്ളതെന്ന് പലരും അഭിപ്രായപ്പെട്ടു.

# സ്റ്റീഫൻ ഡബ്ല്യൂ ഹോക്കിങ്



ശാരീരിക അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ ഇച്ഛാശക്തികൊണ്ട് മറികടക്കാൻ കഴിയുമെന്നതിന്റെ ഉദാത്തമാതൃകയാണ്ഹോക്കിങ്. അമ്യോട്രോഫിക്ക് ലാറ്ററൽ സ്ക്ലിറോസിസ് എന്ന മാരക രോഗം ബാധിച്ചെങ്കിലും പ്രവർത്തനക്ഷമമായ ഒരേ ഒരു ചൂണ്ടുവിരലിനാൽ പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചും അദ്ദേഹം ലോകത്തോട് വിളിച്ച് പറഞ്ഞു.ശരീരം പൂർണമായി തളർന്ന് വീൽ ചെയറിൽ അഭയം പ്രാപിച്ചെങ്കിലും അദ്ദേഹം തന്റെ ലക്ഷ്യം എത്തിപ്പിടിക്കാൻ മുന്നോട്ടാഞ്ഞുകൊണ്ടിരുന്നു ഐൻസ്റ്റീനു ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായിരിന്നു ഹോക്കിങിന്റെ തമോഗർത്തങ്ങളെ സംബന്ധിച്ചത്.'**A brief history of time**' അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനകളാണ്.

*കേംബ്രിഡ്ജ് സർവകലാശാലയുടെ ലൂക്കേഷ്യൻ പ്രഫസർ ഓഫ്*

മാത്ത്സ്,അമേരിക്കയിലെ ഏറ്റവും ബഹു
മതിയായ ആൽബർട്ട് ഐൻസ്റ്റീൻ
അവാർഡ്,ബി.ബി.സി നൽകുന്ന മാസ്റ്റർ ഓഫ്
യൂണിവേഴ്സ്,നൂറോളം സർവകലാശാലകളുടെ
ഹോണററി ഡോക്ടറേറ്റ് തുടങ്ങിയവ ചില
ബഹുമതികൾ മാത്രം.

# പ്ലാസ്റ്റിക് റോഡുകൾ



പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ അമിതമായ പുറന്തള്ളൽ ഇന്ന് വലിയയൊരു പരിസ്ഥിതികപ്രശ്നമായി മാറികൊണ്ടിരിക്കുകയാണല്ലോ .പ്ലാസ്റ്റിക് മാലിന്യങ്ങളെ പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ "പ്ലാസ്റ്റിക് റോഡുകൾ "എന്ന പുതിയ ആശയവുമായി ബാഗ്ലൂരിലെ കെ .കെ പോളിപെക്സ് എന്ന് കമ്പനി രംഗത്തു വന്നിരിക്കുന്നു . ബാഗ്ലൂർ മുനിസിപ്പൽ കോർപ്പറെഷൻ ഈ സങ്കേതികവിദ്യ ഉപയോഗിച്ച് എതാനും റോഡുകൾ നിർമിച്ചുകഴിഞ്ഞ പ്ലാസ്റ്റിക് മാലിന്യങ്ങൾ ടാറും ചേർത്ത് പ്രത്യേകരീതിയിൽ ചൂടാക്കിയാണ് ഈ റോഡുകൾ നിർമിക്കുന്നത് . ഇങ്ങനെ നിർമിക്കുന്ന റോഡുകൾ സാധാരണ റോഡിനെക്കാൾ ഉറപ്പും മേന്മയുമുള്ളതാണ്. സാധാരണ ടാറിട്ട റോഡുകളിൽ

വെള്ളം കെട്ടിനിന്ന് കുഴികൾ ഉണ്ടാകുന്നു . എന്നാൽ ഇത്തരം റോഡുകളിൽ വെള്ളം താഴേക്കിറങ്ങാതെ ഒഴുകി മാറുന്നു . പ്ലാസ്റ്റിക് റോഡുകളുടെ നിർമാണം പരമ്പരാതക ടാറിംഗിനെക്കാൾ ചിലവേറിയതാണ് . എങ്കിലും കുമിഞ്ഞു കൂടുന്ന  പ്ലാസ്റ്റിക് മാലിന്യങ്ങളുയർത്തുന്ന ഭീഷണി മറിക്കടകാനും പരിസ്ഥിതിയെ സംരക്ഷിക്കാനുംമുള്ള ഒരു ചെറിയ കാൽവയ്പ്പായിട്ടെങ്കിലും നാമതിനെ കാണേണ്ടതുണ്ട്.

- കാർത്തിക്

# ചാൾസ് ബാബേജ്



ശാസത്രപുരോഗതിയുടെ വേഗതയക്ക് ആക്കം കൂട്ടിയ കംപ്യൂട്ടറിന്റെ ഉപജ്ഞതാവായി ബാബേജ് **(1791-1871)** ഓർമിക്കപ്പെടുന്നു. ജീവിച്ചിരുന്ന കാലത്ത് വേണ്ടത്ര അംഗീകാരം ലഭിക്കാതപ്പോയ അദ്ദേഹത്തിന്റെ പ്രവർത്തനം മാനാവജീവിതത്തെ സപർശിക്കുന്നു എല്ല മേഖലകളിലും ചെന്നെത്തി. 'ഓപ്പറേഷൻസ് റിസർച്ച്' എന്നറിയപ്പെടുന്ന ശാസത്രശാഖയുടെ ഉപജ്ഞതാവും പ്രചാരകനും അയിരിന്നു ബാബേജ്. ശാസത്രലോകത്തനിന്നു ലഭിച്ച ക്രൂരമായ അവഗണന അദ്ദേഹത്തെ ഏകനും ദാരിദ്രനും നിരാശഭരിതനും ആക്കിയെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ലല്ലോ.......

# സ്കൂൾ ലൈബ്രറികൾ ; വായനയുടെ വാതായനങ്ങൾ തുറക്കുന്നു.



" പട്ടിണിയായ മനുഷ്യ നീ
പുസ്തകം കൈയിലെടുത്തോളു
പുത്തനോരായുധമാണ നിനക്കത്
പുസ്തകം കൈയിലെടുത്തോളു"

ജർമൻ കവിയും നാടകക്കാരനും ആയ ബെർതോൾഡ് ബ്രെഹ്തിന്റെ വാക്കുകളാണിത്.

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വർളന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും .

കുഞ്ഞുണ്ണിമാഷ് വായനയെ ഇങ്ങനെയാണ് വിലയിരുത്തുന്നത്. അറിവു വർധിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗമാണ് വായന. അറിവിന്റെ വിശാലമായ ലോകത്തിലേക്ക് മനുഷന് പ്രവേശനം

നൽകുന്നത് പുസ്തകങ്ങളാണ്. വായന വളരണമെങ്കിൽ പുസ്തകങ്ങളുമായുള്ള ചങ്ങാതം അനിവാര്യമാണ്. വായനാശീലം വളർത്തിയെടുത്താൽ വിദ്യാഭ്യാസ മേഖല പാതി വിജയിച്ചുകഴിഞ്ഞു. ഗാന്ധിജിയും എബ്രഹാം ലങ്കണമെല്ലാം വായിച്ചുവളർന്നവരാണ്. സംസ്കാരസമ്പന്നമായ ഒരു തലമുറയെ സൃഷ്ടിക്കുന്നതിൽ ഗ്രന്ഥങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ് വിവിധ വിഭാഗങ്ങശിലുള്ള പുസ്തകങ്ങൾ നിറഞ്ഞിരിക്കുന്ന ഒരു ഗ്രന്ഥശാല ഒരു സർവകലാശലക്ക് സമമാണെന്ന് കാർലൈൻ പറയുന്നു .ലോകത്ത് മഹാന്മാരായി അറിയപ്പെടുന്നവരെല്ലാം നല്ല വായനക്കാരും ഗ്രന്ഥശാലകളുടെ ഗുണഭോക്താക്കളും ആയിരുന്നു വിദ്യാർഥികളിൽ വായനാശീലം വളർത്തുകയെന്നത് വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ഒരു ലക്ഷ്യമാണ്. പാഠ്യപദ്ധതി പരിഷ്കരിക്കപ്പെട്ടതോടു കൂടി വായനയുടെ വാതായനങ്ങൾ തുറക്കപ്പെട്ടിരികുകയാണ്.

– അസിൻ അജി


# മഴവില്ല്



ഒരു ജലകണികയുടെ മുകൾ ഭാഗത്ത് അനുയോജ്യമായ ഒരു കോണിൽ പതിക്കുന്ന സൂര്യ കിരണം കണികയ്ക്കുള്ളിലേക്ക് അപവർത്തനം ചെയ്യപ്പെടുന്നു . അപവർത്തനം സംഭവിച്ച് ഈ രശ്മി ആന്തരപ്രതിഫലത്തിനു ശേഷം ജലകണികയുടെ കിഴ്ഭാഗത്തു കൂടി വായുവിലേക്ക് ബഹിർഗമിക്കുന്നു.അങ്ങനെ ജലകണികയിൽ വെച്ച് രണ്ടു പ്രാവിശ്യം അപർത്തനത്തിനും ഒരിക്കൽ ആന്തരപ്രതിഫലനത്തിനും വിധേയമാകുന്നതിനാൽ ഘടകവർണ്ണങ്ങൾ വേർതിരിയുന്നു ഇങ്ങനെയാണ് മഴവില്ലുണ്ടാകുന്നത് .

# വൃക്ഷങ്ങൾ പ്രകൃതിയുടെ വരദാനം

കുളിരുള്ള ഒരു പ്രഭാതം. ഗ്രാമം ഉണർന്നു വരുന്നതേയുള്ളൂ. ചുറ്റുമുള്ള വനത്തിൽ നിന്ന് പക്ഷികളുടെ കലപില ശബ്ദം. പെട്ടന്നാണ് ഒരു കൂട്ടം രാജകിങ്കരന്മാർ ഗ്രാമത്തിൽ വന്നിറങ്ങിയത്



*കൊട്ടാരം നിർമിക്കാൻ ആവശ്യമായ മരത്തടികൾ മുറിച്ചെടുക്കാനാണ് അവർ വന്നിട്ടുള്ളത്. ഉയർത്തിപ്പിടിച്ച മഴുവുമായി അതിവേഗം അവർ ഗ്രാമാതിർത്തിയിലെ വനത്തിലേക്ക് കടന്നു. നിമിഷങ്ങൾക്കകം തലയുയർത്തി നിന്നിരുന്ന വൻമരങ്ങൾ നിലംപതിക്കുന്ന വലിയ ശബ്ദത്തിൽ*

ഗ്രാമവാസികളും പക്ഷിമൃഗാദികളും വിറച്ചു. പക്ഷികൾ ചിറകടിച്ചു പറന്നു. മൃഗങ്ങൾ പരിഭ്രാന്തരായി നാലുപാടും പാഞ്ഞു. ഇതുകണ്ട് ഗ്രാമവാസികൾ ഒന്നടങ്കം കാട്ടിലേക്ക് കുതിച്ചു.

രാജകിങ്കരന്മാരുമായി തർക്കത്തിലേർപ്പെട്ടു. ഗ്രാമവാസികളുടെ എതിർപ്പ് വകവെയ്ക്കാതെ അവർ മരങ്ങൾ മുറിക്കുന്നത് തുടർന്നു. തടയാനെത്തിയ നിരവധി രാജസേവകരും മരിച്ചുവീണു.

തങ്ങൾക്ക് വെള്ളവും വെളിച്ചവും തണലും നൽകിയ മരങ്ങളെ സംരക്ഷിക്കാനായി ഗ്രാമവാസികൾ മരങ്ങളെ കെട്ടിപ്പിടിച്ചുനിന്നു . മുറിഞ്ഞു വീണ മരത്തടികളെ തലോടിയും പറന്നകലുന്ന പക്ഷികളെ തിരികെ വിളിച്ചും കൂട്ടം തെറ്റിയ ജന്തുക്കളെ ഒന്നിപ്പിച്ചും അവർ മുറിവേറ്റ വനഭൂമിക്ക് സാന്ത്വനമേകി ഗ്രാമവാസികളുടെ എതിർപ്പിനെ തുടർന്ന് അധികം വൈകാതെ രാജസേവകർ തിരിച്ചുപോയി.

# വായനാദിനം




വായിച്ച വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ
വളയും
എന്ന കുഞ്ഞുണ്ണി മാഷിന്റെ
വാക്കുകൾ കേൾക്കാത്ത
മലയാളികൾഉണ്ടാവില്ല.നമ്മുടെ നാട്ടിൽ വായാനാദിനമായി
ആചരിക്കുന്നത്
ജൂൺ -19 തിയതിയാണ്.വായനാശീലം വളർത്താനും
പുസ്തകങ്ങളെ സ്നേഹിക്കാനും വായനാദിനം പ്രചോദനമേകുന്നു.
കേരളത്തിൽ വായിച്ചുവളരുക
എന്ന മുദ്രാവാക്യം പ്രചരിപ്പിച്ച പി.എൻ പണിക്കരുടെ
ചരമദിനമാണ് നാം വായനാദിനമായി കൊണ്ടാടുന്നത്.
സ്കൂളധ്യാകനായിരുന്ന പി എ.ൻ പണിക്കർ വായന
വളർത്താൻ ജിവിതം ഉഴിഞ്ഞു വച്ച വ്യക്തിയാണ്. 1926-ൽ
സനാതനധർമ്മം വായനാശാല സ്ഥാപിച്ച അദ്ദേഹം
47 ഗ്രന്ഥശാസകളെ ഏകോപിപ്പിച്ച് തിരുവിതാം കൂർ
ഗ്രന്ഥശാലാസംഘം രൂപികരിച്ചു. ഗ്രന്ഥശാലകളുടെ സ്ഥിതി
മെച്ചപ്പെടുത്തുന്നതിനായി അദ്ദേഹം കേരളത്തിലുടനിളം

യാത്രചെയ്തു. പിന്നീട് 1977-ൽ രൂപം നൽകിയ കേരള അനൗപചാരിക വിദ്യാഭ്യാസവികസനസമിതിയുടെ നേതൃസ്ഥാനത്ത് 19 വർഷം അദ്ദേഹം പ്രവർത്തിച്ചു.

ഇലക്ട്രോണിക് യുഗത്തിൽ വായനയുടെ പ്രസക്തിയെക്കുറിച്ച് ചിന്തിക്കാനും പുതിയ കാലത്തിനു ചേർന്ന വിധം വായനയ്ക്ക് അവസരമൊരുക്കാനും വായനാദിനാചരണം ഉപകരിക്കും വായന മനുഷ്യനെ പൂർണ്ണനാക്കുന്നു എന്ന് ഫ്രാൻസിസ് ബേക്കൺ പറഞ്ഞത് നമുക്ക് മറക്കാതിരിക്കാം.

# മെത്തുസെലാ



ഏറ്റവും കൂടുതൽ പ്രായമുള്ള മരമാണ് കാലിഫോർണിയയിലെ ഇന്യോ നാഷണൽ ഫോറസ്റ്റിലുള്ള മെത്തുസെലാ. 4842 വയസ്സുണ്ട് മെത്തുസെലായ്ക്ക്. ഭൂമിയിലെ ഏറ്റവും വയസസ്സുള്ള നോൺ ക്ലോണൽ ജീവിയാണ് ഈ മരം. അലൈംഗികമാർഗത്തിൽ സ്വയം തൈകൾ ഉത്പാദിപ്പിച്ച് വലിയ കോളനികളായി മാറുന്നവയാണ് ക്ലോണൽ ജീവികൾ. ഈ കൂട്ടത്തിൽ ഏറ്റവും ആയുസ്സുള്ളതാണ് പോസിഡോണിയാ ഓഷ്യാ നിക്കാ എന്ന കടൽപ്പുല്ല്. ചുവട്ടിൽ നിന്നും ലക്ഷക്കണക്കിന് തൈകളുണ്ടായ് 10 മൈൽ വിസ്തൃതിയിൽവരെ ഇതു വളരുന്നു. ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയ ഈ കടൽപ്പുല്ലിന്റെ ഒരു കോളനിക്ക് ഒരു ലക്ഷം വർഷത്തെ പഴക്കമുണ്ട്.

# മരണമില്ലാത്ത ജെല്ലി

മരണമില്ലാത്ത ജെല്ലി മത്സ്യം ശാസ്ത്രജ്ഞൻ മാരെ




അതിശയിപ്പിക്കുന്ന ജീവിയാണ്. മരണത്തെ
മറികടക്കാന്
ഒരു പ്രത്യേക സൂത്രമാണ് ഇത്
ഉപയോഗിക്കുന്നത്.
പൂർണവളർച്ചയെത്തിയ ജെല്ലി മത്സ്യം
ഇടയ്ക്കിടെ ചെറുപ്പമാവും
ശൈശവത്തിലുള്ള രൂപമായി
ഇതു മാറുന്നു.വീണ്ടും പ്രായമാവും അതു
കഴിഞ്ഞ്
ചെറുപ്പമാവും ഇങ്ങനെ പലതവണ ചെയ്യുകവഴി
ഈയിനത്തിൽപ്പെട്ട എല്ലാ ജെല്ലി മത്സ്യങ്ങളും
മരിക്കുന്നില്ല എന്നു കരുതേണ്ട.ശത്രുക്കളുടെ
ആക്രമണവും മറ്റ് പ്രശനങ്ങളുമൊക്കെ കൊണ്ട്
ഇവ മരിക്കാം ജനിതമകമായി മരണം ഇവയ്ക്ക്
ഉണ്ടാകുന്നില്ല.

# മനുഷ്യരുടെ ലോകം

പഴയ ലോകമല്ല ഇപ്പോൾ. ഇത് നമ്മൾ മനുഷ്യരുടെ ലോകമാണ്. "പണം ഇല്ലാത്തവൻ പിണം" എന്നു പറയുന്നതു പോലെ ഈ കാലഘട്ടത്തിൽ പണമില്ലാത്തവന് ഒരു സ്ഥാനവുമില്ല.

ഈ കാലഘട്ടത്തിലെ വലിയ പ്രശ്നങ്ങളാണ് പ്ലാസ്റ്റിക്ക് വലിച്ചെറിയുന്നത്, മരം മുറിച്ചു മാറ്റുന്നത്, മലയും പുഴയും നിരത്തുന്നതും അങ്ങനെ പലതും.

<u>ഇതുമായി ബന്ധപ്പെട്ട കാർട്ടൂൺ</u>



മരങ്ങളിൽ Wi-Fi കൊടുക്കുകയാണെങ്കിൽ മനുഷ്യർ എത്ര മരങ്ങൾ നട്ടുവെക്കുമല്ലേ.........

# പ്രകൃതിയിലെ പ്ലാസ്റ്റിക്



മരക്കറകളും കോലരക്കുമൊക്കെ പ്രകൃതിയിലെ പ്ലാസ്റ്റിക് എന്നറിയപ്പെടുന്നത്.റെകസിനു കൾ എന്നറിയപ്പെടുന്ന ഇവ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ വളരെ പണ്ടുമുതലെ ഉണ്ടായിരുന്നു.അന്നുള്ളവർ പ്രത്യേക രൂപങ്ങളുണ്ടാക്കാൻ മെഴുകും മരക്കറകളും കൂട്ടിയോജിപ്പിച്ചിരുന്നു.എന്നാല് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വളരെയധികം വർധിച്ചപ്പോൾ റെകസിനുകൾ അപര്യാപ്തമായി.പാലിൽ നിന്നും ലഭിച്ച പ്ലാസ്റ്റിക്(കാസെയ്ന് പ്ലാസ്റ്റിക്)പാലിൽ നിന്നെടുത്ത പ്രോട്ടീനുമായി(കാസെയ്ൻ)രാസപ്രവർത്തനം നടത്തി രൂപപ്പെടുത്തുന്ന ഒരിനം പ്ലാസ്റ്റിക്കാണിത്.

# പെയ്യട്ടങ്ങനെ.....

# പെയ്യട്ടെ.......



## കാലവർഷവും തുലാവർഷവും

എ.ഡി.45-ൽ ഹിപ്പാലസ് എന്ന യവന നാവികനാണ് മൺസൂൺ എന്നറിയപ്പെടുന്ന കാലവർഷക്കാറ്റിനെ കണ്ടെത്തിയത്. ഈ ഗ്രീക്ക് നാവീകന്റെ പേര് പിന്നീട് മൺസൂണിന്റെ പര്യായപദമായി അറിയപ്പെടാൻ തുടങ്ങി. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കുപടിഞ്ഞാറർ മൺസൂണാണ് ഇടവപ്പാതി (കാലവർഷം). ഒക്ടോബർ മുതൽ നവംബർ വരെ ലഭിക്കുന്ന മഴ വടക്കു കിഴക്കൻ മൺസൂൺ മൂലമാണ്.

## മഴത്തുള്ളിക്കിലുക്കം

പ്രകൃതി നൽകുന്ന ഏറ്റവും ശുദ്ധമായ ജലരൂപമാണ് മഴ. പ്രതലബലമെന്ന ശാസ്ത്രതത്ത്വമാണ് മഴത്തുള്ളിക്ക് ഗോളാക്രൃതി നൽകുന്നത്. 0.5 മുതൽ 6.35 മില്ലീമീറ്റർ വരെയാണ് മഴത്തുള്ളുയുടെ ശരാശരി വ്യാസം 8 മുതൽ 10 കിലോമീറ്റർ വരെ വേഗത്തിലാണ് മഴത്തുള്ളികൾ ഭൂമിയിലെത്തുന്നത്. 1892-ൽ ഫിലിപ് ലെനാർഡ് എന്ന ശാസ്ത്രജ്ഞനാണ് മഴത്തുള്ളി പഠനം ആദ്യമായി നടത്തിയത്.

# പുഴയെ കൊല്ലരുത്



മലകളിൽ നിന്ന് രൂപപ്പെടുന്ന നീരുറവകൾ ചേർന്നാണ് പുഴ ഉണ്ടാവുന്നത്. താഴേക്കുള്ള ഒഴക്കിനൊടൊപ്പം മണ്ണും ചേരുന്നു.
ആയിരക്കണക്കിന് വർഷം കൊണ്ടാണ് പുഴയിൽ മണൽ ഉണ്ടായത്.പുഴയുടെ ജീവൻ നിലനിർത്തുന്നത് ഈ മണലാണ് പുഴകളുടെ അടിത്തട്ടിലുള്ളമണലിൽ വെള്ളം സംഭരിക്കപ്പെടു - ന്നു.ഇത് വേനൽക്കാലത്ത് സമീപത്തുള്ള ജലസ്രോതസ്സുകൾ വറ്റാതിരിക്കാൻ സഹായിക്കുന്നു.പുഴയിൽ നിന്ന് അമിതമായി മണൽ വരുമ്പോൾ ജലനിരപ്പ് താഴുന്നു.

# ആഘോഷങ്ങൾ


എന്റെ ഗ്രാമത്തിൽ പല വിഭാഗത്തിൽ പെട്ട ആളുകൾ ജീവിക്കുന്നു എന്നതുകൊണ്ടുതന്നെ ഉത്സവങ്ങളും പെരുന്നാളുകളും നടത്താറുണ്ട്.

ഇതിൽ എല്ലാവരും പങ്കെടുക്കുന്നു. ഉത്സവമായാൽ പ്രഭാതം മുതൽ തന്നെ ആളുകൾ ക്ഷേത്രത്തിലെത്തുന്നു. ചടങ്ങുകളിൽ പങ്കെടുക്കുന്നു. മിക്കവാറും അന്നദാനത്തിലും എല്ലാവരും പങ്കെടുക്കുന്നു. ദേവവിഗ്രഹവുമായുള്ള ദേശഘോഷയാത്ര ഭക്തജനങ്ങൾക്ക് ഏറെ പ്രിയപ്പെട്ടതാണ്. ഉത്സവകാലത്ത് ചെറുതെങ്കിലും വിവിധ കലാപരിപാടികൾ വേദിയിൽ അവതരിപ്പിക്കാറുണ്ട്. ആട്ടക്കഥാഅവതരണം ഉത്സവത്തിന്റെ ഭാഗമായി നടത്തപ്പെടുന്നു. പെരുന്നാളിനോടനുബന്ധിച്ച് വീടുകൾ മോടികൂട്ടുകയും വൈദ്യുതാലങ്കാരങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പള്ളികളിലെ ചടങ്ങുകളിൽ എല്ലാ ക്രൈസ്തവരും പങ്കെടുക്കുന്നു. സമാപന ദിനത്തിൽ എല്ലാവർക്കുമായി നാടകം സംഘടിപ്പിക്കാറുണ്ട്.

-ഡാനി ബൈജു

# മലയാളത്തിലെ പ്രധാന ആത്മകഥകൾ


- ഓർമകളുടെ അറകൾ – വൈക്കം മുഹമ്മദ് ബഷീർ




- ആത്മകഥ - സർദാർ കെ.എം.പണിക്കർ
- ആത്മകഥയക്ക് ഒരു ആമുഖം - ലളിതാംബിക അന്തർജനം
- ജീവിതസ്മരണകൾ - ഇ.വി കൃഷ്ണൻപിള്ള




- ജീവിതസ്മരണകൾ - കെ.സി മാമൻപിള്ള
- എന്റെ ജീവിതസ്മരണകൾ - മന്നത്ത് പത്മനാഭൻ
- സ്മരണകൾ - ആർ. ഈശ്വരപിള്ള
- എന്റെ ജീവിതകഥ - എ.കെ.ജി.
- എന്റെ ബാല്യകാല സ്മരണകൾ - സി. അച്യുതമേനോൻ




- സ്മരണ മഞ്ജരി - കുറ്റിപ്പുഴ കൃഷ്ണപിള്ള
- സ്മരണ മാത്രം - സി.എച്ച്.കുഞ്ഞപ്പ
- സ്മരണ മണ്ഡലം - സാഹിത്യ പഞ്ചാനനൻ
- സ്മൃതി ദർപ്പണം - എം. പി മന്മഥൻ

# കോട്ടയം




**1.** കോട്ടയം ജില്ല നിലവിൽ വന്നത് എന്ന്?

-1949 ജൂലൈ

**2.** മീനച്ചിലാറിന്റെ പശ്ചാത്തലത്തിൽ അരുന്ധതി റോയി രചിച്ച ബുക്കർ സമ്മാനം നേടിയ കൃതി?

-ഗോഡ് ഓഫ് സ്മോൾ തിങ്ങ്സ്

**3.** സമ്പൂർണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യ പട്ടണം?

-കോട്ടയം

**4.** ഇന്ത്യയിലെ ആദ്യ സാക്ഷരത പട്ടണമായി കോട്ടയത്തെ പ്രഖ്യാപിച്ച വർഷം

-1989 ജൂൺ 25

**5.** കോട്ടയം പട്ടണം സ്ഥാപിച്ചതാര്?

-ടി. രാമറാവു

6. കേരളത്തിലെ ആദ്യത്തിലെ കോളേജ് കോട്ടയത്താണ് ഏതാണ് ആ കോളേജ്?

-സി.എം.എസ്. കോളേജ് കോട്ടയം

7.1849-ൽ കോട്ടയത്തെ സി.എം.എസ് പ്രസിൽ നിന്നാണ് മലയാളികൾ ഈ പത്രം ആരംഭിച്ചത്. ഏതാണ് ഈ പത്രം?

-ജ്ഞാനനിക്ഷേപം

8. മൂന്ന് "L"(ലെറ്റർ, ലെറ്റക്സ്, ലെയ്ക്ക്സ്) കളുടെ നഗരം ഏത്?

-കോട്ടയം

9. അയിത്തത്തിനെതിരെ ഇന്ത്യയിൽ ആദ്യത്തെ സംഘടിത സമരം നടന്നതെവിടെ?

-വൈക്കം (വൈക്കം സത്യാഗ്രഹം)

10. മലയാളിയായ ഇന്ത്യൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ ജന്മദേശം എവിടെയാണ്?

-ഉഴവൂർ

# കടങ്കഥകൾ

- *അളവില്ല തൂക്കമില്ല കാണുകയുമില്ല എങ്കിലും ഇതില്ലെങ്കിലാളുമില്ല*

  *- വായു*

- *ഈച്ച തൊടാത്തൊരിറച്ചിക്കഷണം,*

  *പൂച്ച തൊടാത്തൊരിറച്ചിക്കഷണം,*

  *തൊട്ടാൽ നാക്കുമിറച്ചിക്കഷണം - തീക്കനൽ*

- *ഊതിയാലണയില്ല,മഴയത്തുമണയില്ല, എണ്ണ കൂടാതീ വിളക്കുകത്തും - ഇലക്ട്രിക്ക്ബൾബ്*

- *എത്തിയാലുമെത്തിയാലുമെത്താത്ത മരത്തിൽ വാടി വീഴാത്ത പൂക്കൾ – നക്ഷത്രങ്ങൾ*

- *ഒരമ്മ നേരം വെളുത്താൽ വീടിനുചുറ്റും ഓടിനടക്കും പിന്നെ ചെന്നൊരു മൂക്കിലിരിക്കും*

  *- ചൂല്*

(ദീപക്)

# പഴഞ്ചൊല്ലുകൾ

- കയ്യിലിരിക്കുന്ന ഒരു പക്ഷി മാനത്തുള്ളരണ്ടെണ്ണത്തെക്കാൾ മെച്ചമാണ്
- നിറകുടം തുളുമ്പില്ല
- ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം
- ഉരുളുന്ന കല്ലിൽ പായൽ പിടിക്കില്ല
- ചക്കിനു വെച്ചത് കൊക്കിന് കൊണ്ടു
- മൂത്തവർ ചൊല്ലും മുതുനെല്ലിക്ക, ആദ്യം കയ്ക്കും പിന്നെ മധുരിക്കും
- കാത്തിരിക്കുന്നവനെ തേടി എല്ലാം എത്തുന്നു
- അലസന്റെ മനസ്സ് ചെകുത്താന്റെ പണിപ്പുര
- വിതയ്ക്കുന്നതേ കൊയ്യൂ
- തോൽവി വിജയത്തിന്റെ മുന്നോടിയാണ്

- അടിതെറ്റിയാൽ ആനയും വീഴും
- അണ്ണാൻ കുഞ്ഞും തന്നാലായത്
- ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ
- ആളേറിയാൽ പാമ്പു ചാവില്ല
- ഉണ്ടചോറിൽ കല്ലിടരുത്
- ഉരുളുന്ന കല്ലിൽ പൂരളുമോ പായൽ
- എലിയെ പേടിച്ച് ഇല്ലം ചുടരുത്

(ദീപക്)

little KITEs

## Little kites - 2019-21

# നന്ദി

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION